കേരള സർക്കാർ

# കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറ്റുമല ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം,കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം.ഡി.ബി-528/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി 23.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ചിറ്റുമല ബ്ളോക്ക് പഞ്ചായത്ത്

സർ,

വിഷയം :ചിറ്റുമല ബ്ളോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റുമല ബ്ളോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും

ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെലവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) കൊല്ലം

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.ഡി.ബി-528/17 , തീയതി:23.03.2017

## കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 15.02.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി മിനി.എ.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.02.2017 മുതൽ<br>21.02.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവീൻ ചന്ദ്രൻ | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി..സോണിയ ജെ..സെബാസ്റ്റ്യൻ | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനു.കെ.ആനന്ദ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.ജൂലിയറ്റ് നെൽസൺ | 01.04.15മുതൽ 31.10.15.വരെ |
| | അഡ്ഹോക്ക് കമ്മിറ്റി | 01.11.2015മുതൽ 18.11.2015വരെ |
| | ശ്രീ.സി.സന്തോഷ് | 01.04.15മുതൽ 31.03.16വരെ |
| സെക്രട്ടറി | ശ്രീ.സനൂബ്.എസ് | 01.04.15മുതൽ 28.09.16വരെ |
| | ശ്രീ.എ.കെ.ശങ്കർ(JBDO) | 29.09.15മുതൽ 30.09.15വരെ |
| | ശ്രീ.എം.അബ്ദുൾ ഖാദർ | 01.10.15മുതൽ 10.02.16വരെ |
| | ശ്രീ.രാജീവ്.ആർ | 11.02.16മുതൽ 31.3.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എക്സി.എഞ്ചിനീയർ. | ശ്രീമതി.ജീന.ജി | 1.04.15മുതൽ 06.10.15വരെ |
| | ശ്രീമതി.ബീന.എ | 07.10.15മുതൽ |

| | | |
|---|---|---|
| | | 06.12.15.വരെ |
| | ശ്രീമതി.ജീന.ജി | 07.12.15 മുതൽ 31.03.16വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | മിനി.ആർ | 01.04.15മുതൽ 17.04.15.വരെ |
| | സജികുമാർ.കെ.ആർ | 18.04.15മുതൽ 07.05.15.വരെ |
| | മിനി.ആർ | 08.05.15മുതൽ 04.09.15.വരെ |
| | അജിത്ത് കുമാർ.സി.വി | 10.09.15മുതൽ 03.12.15.വരെ |
| | ടി.എ.കൽപ്പന | 04.12.15 മുതൽ 31.03.16വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.എം.ആർ.പ്രസിമോൻ | 01.04.15മുതൽ 20.02.16വരെ |
| | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ | 21.02.16 മുതൽ 31.03.16വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പ്രസന്നകുമാരി.സി.എസ് | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,തുക്കടവൂർ | ഡോ.സീമാ ശിവാനന്ദ്<br>ഡോ.അഞ്ജനാദേവി.എ.കെ | 1.04.15മുതൽ 26.11.15വരെ<br>27.11.15 മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ-കാഞ്ഞാവെളി | ഡോ.ഷാജി റഹ്മാൻ | 01.04.15മുതൽ 31.03.16വരെ |

| | | |
|---|---|---|
| സി.ഡി.പി.ഒ,ചിറ്റുമല | രേണുക.ഐ | 01.04.15മുതൽ 31.03.16വരെ |
| സി.ഡി.പി.ഒ,അഞ്ചാലുംമൂട് | മീനാകുമാരി | 01.04.15മുതൽ 31.03.16വരെ |
| സൂപ്രണ്ട്,ഓൾഡ്ഏജ് ഹോം | ജി.പങ്കജാക്ഷൻ പിള്ള | 01.04.15മുതൽ 08.05.15വരെ |
| | ബി.മോഹനൻ | 09.05.15മുതൽ 31.03.16വരെ |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ ,കുണ്ടറ | ഡോ.ദേവ് കിരൺ | 01.04.15മുതൽ 14.10.15വരെ |
| | ഡോ.ജി.ബാബുലാൽ | 15.10.15മുതൽ 31.03.16വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് – കടവാടക – ബൈലോ തയ്യാറാക്കിയിട്ടില്ല, വാടക പുതുക്കി നിശ്ചയിച്ചിട്ടില്ല. | 2-1 |
| | ഭാഗം 3 | |
| 13 | മരാമത്ത് പ്രവർത്തികൾ – നിർവ്വഹണ കാലാവധി നീട്ടി നൽകിയത് നടപടിക്രമം പാലിയ്ക്കാതെ. | 3-1 |
| 14 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഴുവൻ തുകയ്ക്കും മരുന്ന് നൽകിയില്ല. | 3-2 |
| 15 | സെമി ഓട്ടോ അനലൈസർ വാങ്ങൽ-കെ.എം.സി.എൽ. കുറഞ്ഞ തുകയ്ക്കുള്ള ഉപകരം നൽകി – 12908/- രൂപ അധികംചെലവ് ചെയ്തത് തടസ്സപ്പെടുത്തുന്നു. | 3-3 |
| 16 | ചുമതലയിൽപ്പെടാത്ത പദ്ധതി നിർവ്വഹണം – 677274/-രൂപ തടസ്സം. | 3-4 |
| 17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 1085367/- രൂപ തടസ്സം. | 3-5 |
| 18 | അംഗപരിമിതർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ – വിതരണം ചെയ്ത സ്കൂട്ടർ സി.ഡി.പി.ഒ ഓഫീസിൽ. | 3-6 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 295450/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 3-7 |
| 20 | പത്താംതരം തുല്യതാപഠനത്തിന് ധനസഹായം – വിനിയോഗ സാക്ഷ്യപത്രം, മതിയായ രേഖകൾ എന്നിവയുടെ അഭാവത്തിൽ 117000/- രൂപയുടെ ചെലവ് തടസ്സം. | 3-8 |

| | | |
|---|---|---|
| 21 | കൊല്ലം ഗവൺമെന്റ് വൃദ്ധസദനത്തിന് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി – ടെണ്ടർ നടപടിക്രമത്തിലെ അപാകത. | 3-9 |
| 22 | യോഗ്യത തെളിയിക്കുന്ന രേഖകളിൽ അവ്യക്തത – ചെലവ് തുക 450000/- തടസ്സപ്പെടുത്തുന്നു. | 3-10 |
| 23 | ഐ.എ.വൈ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിഹിതത്തിന്റെ വിനിയോഗം. | 3-11 |
| 24 | കുണ്ടറ താലൂക്ക് ആശുപത്രിയിലേക്ക് വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല – ഭരണ വകുപ്പിന്റെ നടപടികൾ അനിവാര്യം. | 3-12 |
| 25 | മരാമത്ത് പ്രവൃത്തികൾ കാലാവധിയ്ക്കുള്ളിൽ പൂർത്തിയായില്ല-പിഴ ഈടാക്കാത്തതിനാൽ 13400/-രൂപ നഷ്ടം. | 3-13 |
| 26 | എസ്റ്റിമേറ്റ് ആന്റ് സൂപ്പർവിഷൻ ചാർജ് തെറ്റായി കരാറുകാരന് അനുവദിച്ചു – 539/- രൂപ നിരാകരിക്കുന്നു. | 3-14 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

| | | |
|---|---|---|
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

ഭാഗം **1**

<u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

2015-16 വർഷത്തെ ബജറ്റ് 17-03-15 തീയതിയിലെ |തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

## 1-2 <u>വാർഷിക ധനകാര്യപത്രിക.</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.06.2016 | - | - |

## 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21-02-2017 | KSA.KLM.DB /17 03-2017 |

<u>ന്യൂനതകളുടെ സംഗ്രഹം</u>

1)ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തിയുടെ മൂല്യം വാർഷികകണക്കുമായി ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല.

2)മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത

പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) RP-43 യിലെ കുടിശ്ശിക മുൻവർഷ ബാലൻസ് ഷീറ്റിലെ B-15 ൽ ഉൾപ്പെട്ട തുകയേക്കാൾ കൂടുതലാണ്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28923253 |
| വരവ് | 135116278 |
| ആകെ | 164039531 |
| ചെലവ് | 120320278 |
| നീക്കിയിരിപ്പ് | 43719253 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6127661 | 29998000 | 36125661 | 36125661 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 122479 | 15170000 | 15292479 | 15292479 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 75000 | 75000 | 75000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 355763 | 3990069 | 4345832 | 4345832 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | - |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | | | | | |
| ബി ഫണ്ട് | 0 | 526088 | 526088 | 526088 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 92 | 56100021 | 90 | 54739490 | - | 2 | 97.83 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം10 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

*(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)*

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | ഇല്ല | | | |
| നികുതിയേതര വരവുകൾ | 1245806 | 405232 | (-)840574 | (-)67 |
| മറ്റുവരവുകൾ | 2800000 | 3232233 | (-)432233 | (+)15 |
| ആകെ | 4045806 | 3637465 | (-)408341 | 10 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-02-17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ഏറെക്കുറെ തൃപ്തികരമാണ്.നൽകിയ ഓഡിറ്റന്വേഷണങ്ങൾക്കെല്ലാം യഥാസമയം തന്നെ മറുപടി ലഭ്യമാക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിലും ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തി.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-08-16 മുതൽ 20-08-16 വരെ | 2015-16 | 4-11-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-03-16മുതൽ 20-03-16വരെ | 2012-13<br>2014-15 | 20-05-16 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഷോപ്പംഗ് കോംപ്ളക്സ് -കടവാടക-- ബൈലോ തയ്യാറാക്കിയിട്ടില്ല, വാടക പുതുക്കി നിശ്ചയിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച നിയമാവലി തയ്യാറാക്കേണ്ടതും വർഷാവർഷം മുൻവർഷ വാടകയേക്കാൾ 5% കൂട്ടി വാടക പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ ചിറ്റുമല ബ്ളോക്ക് പഞ്ചായത്തിൽ ബൈലോ തയ്യാറാക്കുകയോ വാടക പുതുക്കിനിശ്ചയിക്കുകയോ ചെയ്തിട്ടില്ല. വാടക രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. വാടക രജിസ്റ്ററിൽ കടമുറിയുടെ നമ്പർ, വാടകക്കാരുടെ വിശദാംശങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

2013-14 ലെ ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത പരാമർശം ഉൾപ്പെട്ടിട്ടുണ്ട് . എന്നിരുന്നാലും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുവാൻ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അയതിനാൽ അടിയന്തിരമായി വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കി ബ്ളോക്ക് പഞ്ചായത്ത് സമിതി അംഗീകരിക്കേണ്ടതും വാടക രജിസ്റ്റർ കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾ -നിർവ്വഹണ കാലാവധി നീട്ടിനൽകിയത് നടപടിക്രമം പാലിയ്ക്കാതെ

2015-16 വർഷം നടപ്പിലാക്കിയ സ്പിൽ ഓവർ പ്രവൃത്തികൾക്കും ,2015-16 വർഷത്തിൽ നടപ്പിലാക്കിയ ടാറിംഗ് പ്രവൃത്തികൾക്കും കാലാവധി നീട്ടി നൽകിയ താഴെ പറയുന്ന ബ്ലോക്ക് കമ്മിറ്റി തീരുമാനങ്ങൾക്ക് സാധൂകരണം നൽകുന്ന രേഖകൾ ഒന്നും ബന്ധപ്പെട്ട ഫയലുകളിൽ കാണപ്പെടുന്നില്ല.

1.07.07.15 ലെ 9 (a) ജനറൽ കമ്മിറ്റി തീരുമാനം-"നിർമ്മാണ സമയത്ത് ഉണ്ടായ മണൽ, മെറ്റൽ, എന്നിവയുടെ ദൗർലഭ്യം, ലോറി സമരം എന്നിവ കണക്കിലെടുത്ത് 2014-15 പദ്ധതിയിൽ ഉൾപ്പെട്ടതും സ്പിൽ ഓവർ ആയിട്ടുള്ള എല്ലാ പ്രവർത്തികളുടെയും ടൈം ഓഫ് കംപ്ലീഷൻ, ഫൈൻ ഇല്ലാതെ ജൂൺ 30 വരെ നീട്ടാൻ തീരുമാനിച്ചു."

2.01.02.16 ലെ 2(5) ജനറൽ കമ്മിറ്റിതീരുമാനം.-"വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും അസി.എക്സ്.എൻജിനീയർ നിർവ്വഹണം നടത്തുന്നതുമായ പല പ്രവർത്തികളും തുടർച്ചയായ മഴ മൂലം ടാറിംഗ് പണി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.ആയതിനാൽ ടാറിംഗ് പ്രവർത്തികൾ പൂർത്തിയാക്കാനുള്ള കാലാവധി 31.01.16 വരെ നീട്ടി നൽകിയത് അംഗീകരിച്ച് തീരുമാനിച്ചു".

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം, കരാറുകാരന്റേതല്ലാത്ത കാരണത്താൽ നിശ്ചിത കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത കേസുകളിൽ, കരാറുകാരൻ, ദീർഘീകരണത്തിന് അസി.എൻജിനീയർ മുഖേന കാലാവധി അവസാനിയ്ക്കും മുമ്പ് അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള 'time extension' ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാവുന്നതല്ല;അല്ലെങ്കിൽ ആറ് മാസം ,ഏതാണോ കുറവ് അത് മാത്രം അനുവദിയ്ക്കാവുന്നതാണ്.

പ്രവൃത്തികളുടെ നിർവ്വഹണ വേളയിൽ വന്ന തടസ്സങ്ങൾ ,പ്രകൃതിക്ഷോഭങ്ങൾഎന്നിവ കാരണം പ്രവൃത്തികൾ തടസ്സപ്പെട്ടതിനാൽ ,നിർവഹണ കാലാവധി നീട്ടുന്നതിന് കരാറുകാരുടെ അപേക്ഷ, അതിൻമേൽ ബന്ധപ്പെട്ട ഓവർസീയർ, എൻജിനീയർഎന്നിവരുടെ റിപ്പോർട്ട് തുടങ്ങിയ രേഖകൾ ഇല്ലാതെ, നിർമ്മാണ കാലാവധി നീട്ടിനൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല.നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടതിന് മതിയായ കാരണങ്ങൾ ഉള്ളതും ,നടപടിക്രമം പാലിച്ചുകൊണ്ട് കരാറുകാർ അപേക്ഷസമർപ്പിച്ച കേസുകൾ മാത്രം പരിഗണിക്കുന്നതിനുപകരം എല്ലാ സ്പിൽ ഓവർ പ്രൊജക്ടുകളും ജൂൺ 30 വരെയും എല്ലാ ടാറിംഗ് പ്രവൃത്തികൾക്ക് 31.01.2016 വരെയും നിർവ്വഹണ കാലാവധി ദീർഘിപ്പിച്ച ബ്ലോക്ക് കമ്മിറ്റി തീരുമാനങ്ങൾ പൊതുജനതാൽപര്യത്തിന് നിരക്കുന്നതല്ല.സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മേൽനോട്ട ചുമതലവഹിക്കേണ്ട ഭരണസമിതി തന്നെ മതിയായ രേഖകൾ ഇല്ലാതെ കരാറുകാർക്ക് സഹായകരമായ തീരുമാനങ്ങൾ എടുത്തത് ആവർത്തിക്കാതിരിക്കുന്നതിന് മതിയായ ജാഗ്രത പുലർത്തേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് അസി.എക്സി.എൻജിനീയർക്ക് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.9/20.02.2017) മറുപടി ലഭിച്ചിട്ടില്ല.

## **3-2** <u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഴുവൻ തുകയ്ക്കും മരുന്ന് നൽകിയില്ല</u>

1.പ്രോജക്ട്-53/15-16 –തൃക്കടവൂർ സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണം -മെഡിക്കൽ ഓഫീസർ
അടങ്കൽ 3,00,000/-രൂപ( മെയി.ഫണ്ട് റോഡിതരം)
ചെലവ് -3,00,000/-രൂപ
(ബിൽ നം 1/15-16 -16.10.15-2,06053 രൂപ
ബിൽ നം.3/15-16 – ടി- -93,947 രൂപ)
ഈ പ്രൊജക്ടിൽ കെ.എം.എസ്.സി.എൽ 23.11.2015 ന് 3,00,000/-രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ 1,98,799/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. 1,01,201/-രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ അവശേഷിക്കുന്നു.

2.പ്രോജക്ട്-39/15-16 –കുണ്ടറ താലൂക്ക് ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണം -മെഡിക്കൽഓഫീസർ,കുണ്ടറ താലൂക്ക് ആശുപത്രി
അടങ്കൽ 4,00,000/-രൂപ( മെയി.ഫണ്ട് റോഡിതരം)
ചെലവ് 4,00,000/-രൂപ
(ബിൽ നം 3/15-16 -11.12.15- )
ഈ പ്രൊജക്ടിൽ കെ.എം.എസ്.സി.എൽ 15.12.2015 ന് 4,00,000/-രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ 3,17,564/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. 82436/-രുപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ അവശേഷിക്കുന്നു.

3. പ്രോജക്ട്-32/15-16 –പാലിയേറ്റിവ് കെയർ സെക്കന്ററി ഘട്ടം
നിർവ്വഹണം -മെഡിക്കൽ ഓഫീസർ,കുണ്ടറ താലൂക്ക് ആശുപത്രി
അടങ്കൽ - 2,43,520/-രൂപ( വികസന ഫണ്ട്)
ചെലവ് -2,43,520/-രൂപ
(ബിൽ നം 11/15-16 -28.03.16-1,74,120/-രൂപ )
ഈ പ്രൊജക്ടിൽ വൗച്ചർ നം. 47/28.03.16 പ്രകാരം 6,352/-രൂപ,വൗച്ചർ നം.49/28.03.2016 പ്രകാരം 60,000/- എന്നീ തുകകൾ പാലിയേറ്റിവ് കെയർ പദ്ധതിയുടെ മരുന്നുകൾക്കായി കെ.എം.എസ്.സി.എൽ- ന് നൽകി.15.14.2016- ന് 66,352/-രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ 45,886/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമാക്കിയിട്ടുള്ളൂ. 20,466/-രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുവാൻ അവശേഷിക്കുന്നു.
മേൽ രേഖപ്പെടുത്തിയിട്ടുള്ള മൂന്ന് പ്രൊജക്ടുകളിലുമായി ആകെ 1,02,902/-രൂപയുടെ മരുന്നുകളാണ് ലഭിക്കുവാനുള്ളത്.ഇവ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ചുമതലപ്പെട്ടവർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-3** <u>സെമി ഓട്ടോ അനലൈസർ വാങ്ങൽ- കെ.എം.സി.എൽ കുറഞ്ഞ തുകയ്ക്കുള്ള ഉപകരണം നൽകി-**12,908/**രൂപ അധികം ചെലവ് ചെയ്തത് തടസ്സപ്പെടുത്തുന്നു</u>

പ്രൊജക്ട് നം.54/16 –ആശുപത്രിയിലേയ്ക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,തൃക്കടവൂർ സി.എച്ച്.സി
പദ്ധതി അടങ്കൽ : 1,50,000/-രൂപ (മെ.ഫണ്ട് റോഡ് ഇതരം)
ബിൽ നം.2/15-16.10.15 - 72,758/-രൂപ

തൃക്കടവൂർ സി.എച്ച്.സി –യിലേയ്ക്ക് സെമി ഓട്ടോ അനലൈസർ വാങ്ങുന്നതിന് കെ.എം.എസ്.സി.എല്ലിന്റെ റണ്ണിംഗ് കോൺട്രാക്ട് ഉള്ള Robonik India Pvt.Ltd ന്റെ 72,758/-രൂപയുടെ ഉപകരണം സപ്ലൈ ചെയ്യുന്നതിനായി തുക ഡി.ഡി.നം.681591/6.11.15 മുഖേന നൽകി.തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്. (25020/20.11.15).എന്നാൽ കെ.എം.എസ്.സി.എൽ സപ്ലൈ ചെയ്തത് Agappe Diagnostics Ltd.ന്റെ 59,850/-രൂപയുടെ സെമി ഓട്ടോ അനലൈസറാണ്. (ഇൻവൊയിസ് നം.216/23.01.2016). ഇപ്രകാരം ഉപകരണം മാറ്റി നൽകുന്നതിന് ഔദ്യോഗിക അനുമതി രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.കെ.എം.എസ്.സി.എൽ അധികം കൈപ്പറ്റിയ 12,908/-രൂപ റീഫണ്ട് ചെയ്യുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/18.02.17) മറുപടിയായി ബാലൻസ് തുകയ്ക്ക് റീ-ഏജൻസ് ആവശ്യപ്പെട്ടിട്ടുള്ളതായി മെഡിക്കൽ ഓഫീസർ അറിയിച്ചു.ആയത് ലഭ്യമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ചുമതലയിൽ പെടാത്ത പദ്ധതി നിർവ്വഹണം-**6,77,274/-** രൂപാ ചെലവ് തടസ്സം

കുരീപ്പുഴ ഗവൺമെന്റ് യു.പി.എസ്സി ൽ കുടിവെള്ളം സ്ഥാപിക്കൽ എന്ന പദ്ധതിക്ക് വേണ്ടി (പ്രോജക്ട് നം.82/16 )വികസനഫണ്ട്(പൊതുവിഭാഗം സാധാരണവിഹിതം) ൽ നിന്നും6,77,274/- രൂപയും തനത് ഫണ്ടിൽ നിന്നും 1750/- രൂപയും വകയിരുത്തിയതിൽ 6,77,274/- രൂപ (ഡി.ഡി.നം. 682513 തീയതി: 27-03-15) ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിലോ അനിവാര്യ ചുമതലയിലോ ഉൾപ്പെടാത്ത ഈ പദ്ധതി സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ നടപ്പിലാക്കിയതിന് വിശദീകരണം ആരാഞ്ഞിരുന്നു (എൻക്വയറി നം.8/15-16 തീയതി.18-02-17). കുരീപ്പുഴ സർക്കാർ യു.പി.സ്കൂളിന്റെ ശോച്യാവസ്ഥയും കുടിവെള്ളത്തിനായി കുഞ്ഞുങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടും ബോധ്യപ്പെട്ട ബ്ളോക്ക് പഞ്ചായത്ത് സമിതി സദുദ്ദേശ്യത്തോടെ പദ്ധതി ഏറ്റെടുത്തതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തൃക്കടവൂർ ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെയാണ് ഈ പ്രവർത്തി ഏറ്റെടുത്തതെന്ന് മറുപടിയിൽ പറയുന്നുവെങ്കിലും ആയത് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

ജി.ഒ (പി) നം.311/14/ ഫിൻ തീയതി.30-07-2014 പ്രകാരം ആദ്യ ഗഡുവായി എസ്റ്റിമേറ്റ്

തുകയുടെ 20% ആയ135455/-,പിന്നീട് 2മുതൽ 6വരെ ഗഡുക്കളായി 101591/- രൂപയും വർക്ക് പൂർത്തീകരിക്കുമ്പോൾ 5% ആയ33864/-രൂപയും ആണ് ഭൂജലവകുപ്പിന് നൽകേണ്ടിയിരുന്നത്. എന്നാൽ ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റ് ലഭിച്ചപ്പോൾ തന്നെ മുഴുവൻ തുകയും ഒറ്റ ഗഡുവായി നൽകിയിരിക്കുന്നു. മാത്രമല്ല നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടണം എന്ന നിബന്ധനയും പാലിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ കൈപ്പറ്റ് വിനിയോഗവിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 677,274/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 10,85,367/- രൂപാ തടസ്സം

2015-16വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | പ്രോജക്ട് | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| 1 | ബ്ളോക്ക്പഞ്ചായത്ത് മുൻ ജനപ്രതിനിധികൾക്ക് ചികിൽസാ സഹായം | 500000<br>DD No.554510<br>dt.05-04-16 | സാമൂഹ്യ സുരക്ഷാമിഷൻ |
| 2 | ജീവനം കിഡ്നി വെൽഫയർ ഫൌണ്ടേഷൻ -വിഹിതം നൽകൽ | 200000<br>DD No.554513<br>dt.18-04-16 | ജില്ലാപഞ്ചായത്ത് |
| 3 | ജില്ലാആശുപത്രിക്ക് എം.ആർ.ഐ.സ്കാൻ- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 185367<br>DD No.554514<br>dt.05-04-16 | ജില്ലാപഞ്ചായത്ത് |
| 4 | ദേശീയവികലാംഗപുനരധിവാസ പദ്ധതിക്ക് ബ്ളോക്ക് വിഹിതം | 200000<br>DD No.554512<br>dt.05-04-16 | ജില്ലാപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | |

വിവിധ ഏജൻസികൾക്ക് നൽകിയ 10,85,367/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റന്വേഷണം (നം.10/15-16 തീയതി. 20-02-2017) നൽകിയതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പദ്ധതികൾക്കായി ചെലവഴിച്ച 10,85,367/-രൂപയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകും വരെ ടി ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 അംഗപരിമിതർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ-വിതരണം ചെയ്ത സ്കൂട്ടർ സി.ഡി.പി.ഒ ഓഫീസിൽ

ശിശു വികസനപദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ സ്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന പദ്ധതിക്ക് വേണ്ടി (പ്രോജക്ട് നം.43/16) വികസനഫണ്ടിൽ (എസ്.സി) നിന്നും 12,80,000/-രൂപ വകയിരുത്തിയതിൽ നിന്നും 10,95,000/-രൂപ (ഡി.ഡി.നം.554008 തീയതി.28-03-16) 15 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വാങ്ങി നൽകുന്നതിനായി നൽകിയിട്ടുണ്ട്.

പന്ത്രണ്ടാം പദ്ധതി മാർഗരേഖ പ്രകാരം ഈ പ്രോജക്ട് സംയുക്തമായി ഗ്രാമബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പിലാക്കാമെങ്കിലും നിർവ്വഹണം ഗ്രാമപഞ്ചായത്തിനായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശിശു വികസന പദ്ധതി ഓഫീസർ നേരിട്ട് നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് അന്വേഷണം നം. 4/15-16തീയതി :17-02-17) വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ് പദ്ധതി നടപ്പിലാക്കിയത് എന്നറിയിച്ചിരിക്കുന്നു.

ഈ പദ്ധതി പ്രകാരം സ്കൂട്ടർ കൈപ്പറ്റിയ (KL02 AY 2621) ശ്രീ.യശോധരൻ, വയലിൽത്തറവീട്, ഇടവട്ടം, പെരിനാട് എന്നയാൾ സ്കൂട്ടർ തിരികെ ശിശു വികസന പദ്ധതി ഓഫീസറെ ഏൽപ്പിച്ചിരിക്കുന്നു.ശാരീരിക അവശതകൾ മൂലം വണ്ടി ഓടിക്കുവാൻ കഴിയുന്നില്ല എന്ന് രേഖാമൂലം ടിയാൻ അറിയിച്ചിരിക്കുന്നു.ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞപ്പോൾ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട അടുത്ത ഗുണഭോക്താവിന് വാഹനം കൈമാറുവാനുള്ള നടപടികൾ തുടർന്നു വരികയാണെന്ന് അറിയിച്ചിട്ടുണ്ട്.

ചിറ്റുമല ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ഈയിനത്തിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഗ്രാമ ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഇതേ ഇനത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.



സി.ഡി.പി.ഒ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന സ്കൂട്ടർ അടിയന്തിരമായി അർഹതയുള്ള ഗുണഭോക്താവിന് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-7** <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- **2,95,450/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

സെക്രട്ടറി നിർവ്വഹണം നടത്തിയ 'വിവിധ പഞ്ചായത്തുകളിലെ ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ' എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 5,62,150/-രൂപാ വകയിരുത്തിയതിൽ നിന്നും താഴെപറയും പ്രകാരം വിവിധ പഞ്ചായത്തുകൾക്ക് ബ്ളോക്ക് ഷെയർ നൽകിയിരിക്കുന്നു.

| ക്രമനം | ഗ്രാമപഞ്ചായത്ത് | ബ്ളോക്ക് വിഹിതം |
|---|---|---|
| 1 | പനയം | 87300 |
| 2 | മൺറോതുരുത്ത് | 25000 |
| 3 | പെരിനാട് | 146900 |
| 4 | കിഴക്കേകല്ലട | 36250 |

മേൽ പ്രകാരം നൽകിയ 2,95,450/-രൂപയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ചിറ്റുമല ബ്ളോക്കിന്റെ പരിധിയിൽ വരുന്ന തൃക്കരുവ,കുണ്ടറ,പേരയം എന്നീ പഞ്ചായത്തുകൾ ഈ പദ്ധതിക്കുവേണ്ടി ബ്ലോക്ക് ഷെയർ ആവശ്യപ്പെട്ടിരുന്നോ എന്ന ഓഡിറ്റന്വേഷണത്തിന് (നം.10/15-16 തീയതി. 20-02-17) നിരവധി തവണ കത്ത് നൽകിയെങ്കിലും അതത് പഞ്ചായത്തുകൾ റിക്വിസിഷൻ നൽകുകയുണ്ടായില്ല എന്ന് അറിയിച്ചിരിക്കുന്നു. ഈ പദ്ധതി എല്ലാ പഞ്ചായത്തുകളും ഏറ്റെടുക്കേണ്ടതും ഇതിന് ആവശ്യമായ തുക ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ വകയിരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾ ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുമ്പോൾ ആനുപാതികമായി തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദമായ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കും വരെ 2,95,450/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

### **3-8** പത്താം തരം തുല്യതാ പഠനത്തിന് ധനസഹായം- വിനിയോഗസാക്ഷ്യപത്രം,മതിയായ രേഖകൾ എന്നിവയുടെ അഭാവത്തിൽ **117000 /-** രൂപായുടെ ചെലവ് തടസ്സം

പത്താം തരം തുല്യതാ പഠനത്തിന് ധനസഹായം (പ്രോജക്ട് നം. 09/16) എന്ന പദ്ധതിക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും 1,50,000/-രൂപാ വകയിരുത്തിയതിൽ നിന്നും 1,17,000 /- രൂപാ കോഴ്സ് ഫീ,രജിസ്ട്രേഷൻ ഫീ ഇനങ്ങളിൽ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട് .(ഡി.ഡി.നം.645218 തീയതി. 29-03-2016). പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ കൂടി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1)സംസ്ഥാനസാക്ഷരതാമിഷന്റെ ഓഫീസിൽ നിന്നും പാഠപുസ്തകങ്ങൾ, അധ്യാപനസഹായികൾ എന്നിവ ലഭിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് അന്വേഷണം.നം.7/15-16 തീയതി. 18-02-17) രേഖകൾ ആവശ്യപ്പെട്ട് സാക്ഷരതാമിഷന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിരിക്കുന്നു.

2) സാക്ഷരതാമിഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട പഠിതാക്കളെ പത്താം തരം തുല്യതയ്ക്കായി കേരളാ സംസ്ഥാന പൊതു പരീക്ഷാബോർഡിൽ രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ടി രേഖകൾ ആവശ്യപ്പെട്ടപ്പോൾ മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് സാക്ഷരതാമിഷൻ,കേരളാ സംസ്ഥാന പൊതു പരീക്ഷാബോർഡ് എന്നിവിടങ്ങളിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിരിക്കുന്നു.

3)സാക്ഷരതാമിഷനിൽ നിന്നും മേൽ തുകയ്ക്കുള്ള വിശദമായ ധനവിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയതും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

രേഖകൾ ലഭ്യമാക്കും വരെ പത്താം തരം തുല്യതാ പഠനത്തിന് ധനസഹായമായി നൽകിയ 117000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### **3-9** കൊല്ലം ഗവൺമെൻറ് വൃദ്ധസദനത്തിന് ഉപകരണങ്ങൾ വാങ്ങൽ' പദ്ധതി -ടെണ്ടർ നടപടിക്രമത്തിലെ അപാകത.

പദ്ധതിയുടെ പേര് : കൊല്ലം ഗവൺമെൻറ് വൃദ്ധസദനത്തിന് ഉപകരണങ്ങൾ വാങ്ങൽ

പദ്ധതി നമ്പർ : 30065/16

നിർവ്വഹണ ഉദ്യോഗസ്ഥൻ : സൂപ്രണ്ട്, ഗവൺമെൻറ് വൃദ്ധ സദനം, ഇഞ്ചവിള, കൊല്ലം.

പദ്ധതി അടങ്കൽ : 1,00,000/-

ചെലവ് : 99, 400/-

ബിൽ നമ്പർ/തീയതി : 08/15-16; 19-12-2015.

2015-16 വർഷത്തിൽ നടപ്പിലാക്കിയ ഇഞ്ചവിള ഗവ.വൃദ്ധസദനത്തിന് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ റേറ്റ് കോൺട്രാക്റ്റുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ

ക്ഷണിക്കണമെന്നുള്ള നിബന്ധനയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 18-08-2015ലെ O.A.H (K) 90/15 നമ്പർ ദർഘാസ് പരസ്യത്തിൽ കരാറുകാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും തുടർന്ന് 03-09-2015 ൽ ലഭിച്ച മൂന്ന് ടെണ്ടറുകളിൽ നിന്നും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഗവ. കരാറുകാരനിൽ നിന്നും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. പ്രസ്തുത ദർഘാസിൽ ഉപകരണങ്ങളുടെ ' specification' വ്യക്തമാക്കിയിട്ടില്ല. കരാറുകാരന്റെ ഔദ്യാഗിക 'letter head' ൽ രേഖപ്പെടുത്തിയ Invoice Bill (നമ്പർ ഇല്ല) തീയതി 29-09-2015 ൽ VAT രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ വ്യാപാരി/അംഗീകൃത സ്ഥാപനം എന്ന വിഭാഗത്തിൽ ടിയാൻ ഉൾപ്പെടുന്നില്ല. അയതിനാൽ തന്നെ ഈ ബിൽ നിയമാനുസൃതമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റന്വേഷണം നമ്പർ 2 തീയതി 17-02-2017 ന് ഇഞ്ചവിള ഗവ.വൃദ്ധസദനം സൂപ്രണ്ട് നൽകിയ മറുപടിയിൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും ഒരു വ്യക്തി എന്ന നിലയിൽ ഗവ. കോൺട്രാക്റ്റർ ചുരുങ്ങിയ നിരക്കിലുള്ള ക്വട്ടേഷൻ സമർപ്പിക്കുകയും തികച്ചും മൂല്യമുള്ളതും ഉന്നത ഗുണനിലവാരമുള്ളതുമായ ഉപകരണങ്ങളാണ് വിതരണം ചെയ്തത് എന്നും ഉത്തമബോധ്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 27-06-13 ലെ 969/എ2 /2007/എസ്.പി.ഡി നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാധനങ്ങൾ വാങ്ങുമ്പോൾ 21-06-13 മുതൽ നിലവിൽ വന്ന സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും പദ്ധതി നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

## 3-10 യോഗ്യത തെളിയിക്കുന്ന രേഖകളിൽ അവ്യക്തത-ചെലവ് തുക450000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്-പട്ടികജാതിക്കാരായ ഭൂരഹിതർക്കു ഭൂമി വാങ്ങുന്നതിന് ധനസഹായം

പ്രോജക്റ്റ് നം-25/16

അടങ്കൽ

വികസന ഫണ്ട്(എസ്.സി.പി)-4500000/-

ചെലവ്-4350000/-

ബിൽ നം-4/15-16;29.01.2016

5/15-16;29.1.16

7/15-16;12.2.16

8/15-16;23.3.16

9/15-16;30.3.16

നിർവഹണം-പട്ടിക ജാതി വികസന ഓഫീസർ

ഭൂരഹിതരായ പട്ടികജാതിക്കാർക്ക് മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് 150000/-രൂപ വീതം അനുവദിച്ചിരുന്നു.ഗുണഭോക്താക്കൾ ഹാജരാക്കിയ അപേക്ഷകളിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗിരീഷ് ബി, പള്ളത്ത് വടക്കതിൽ, ശിങ്കാരപ്പള്ളി, കിഴക്കേകല്ലട എന്ന ഗുണഭോക്താവിന്റെ ഭാര്യ മായയുടെ അമ്മയുടെ പേരിൽ പടിഞ്ഞാറേ കല്ലടയിൽ 4 സെന്റ് ഭൂമിയുള്ളതായും ഇതിന് മായയുൾപ്പെടെ 2 മക്കൾഈ സ്ഥലത്തിന് അവകാശികളാണെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട് .

2)ഗോപകുമാർ, ശോഭാ മന്ദിരം, തെക്കേമുറി. എന്ന ഗുണഭോക്താവിന്റെ ഭാര്യ സജിതയുടെ മാതാവിന് 02.30 ആർ സ്ഥലമുള്ളതായും സജിതയുൾപ്പെടെ 2 മക്കൾ ഈ സ്ഥലത്തിന് അവകാശികളാണെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ടിയാളുടെ റേഷൻകാർഡിൽ (RC No.1207177902) മാതാവ് ഓമനയ്ക്ക് 2010-11ൽ 75000/-രൂപ പട്ടിക ജാതി വകുപ്പിൽ നിന്നും അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഈ റേഷൻകാർഡിൽ ഗുണഭോക്താവും അമ്മയും ഭാര്യയും മകളും മാത്രമാണ് ഉൾപ്പെട്ടിരിക്കുന്നത്.

3)ശശിധരൻ, മഠത്തിൽ വീട്, പാമ്പാലിൽ, പനയം എന്ന ഗുണഭോക്താവിന്റെ റേഷൻകാർഡിൽ (RC No.1207055936) 2009-10 വർഷം ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതായി കാണുന്നു. ഗുണഭോക്താവും ഭാര്യയും മാത്രമാണ് ഈ റേഷൻകാർഡിൽ ഉൾപ്പെട്ടിരിക്കുന്നത്.

മുകളിൽ സൂചിപ്പിച്ച അപേക്ഷകളിൽ ഗുണഭോക്താവിന് സ്വന്തമായോ അവകാശമായോ ഭൂമി ഇല്ലായെന്നും മുമ്പ് ഈയിനത്തിൽ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നും ഉറപ്പു വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം- 12 തീയതി 20.02.0217) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇവർക്കായി ചെലവഴിച്ച 450000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഐ.എ.വൈ.ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിഹിതത്തിന്റെ വിനിയോഗം

2015-16 സാമ്പത്തികവർഷത്തിൽ ഐ.എ.വൈ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതവും ടി തുകയുടെ വിനിയോഗവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | കരാറിലേർപ്പെട്ടവർ | ലഭ്യമായ വിഹിതം | ഉപയോഗിക്കാൻ അവശേഷിക്കുന്ന വിഹിതം |
|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | ജനറൽ | എസ്.സി | ജനറൽ | എസ്.സി | ജനറൽ | എസ്.സി |
| മൺറോ തുരുത്ത് | 13 | 13 | 260000 | 260000 | 0 | 20000 |
| കിഴക്കേകല്ലട | 27 | 26 | 540000 | 520000 | 0 | 0 |
| പേരയം | 21 | 22 | 420000 | 440000 | 0 | 20000 |
| കുണ്ടറ | 16 | 18 | 320000 | 360000 | 0 | 80000 |
| പെരിനാട് | 37 | 46 | 740000 | 920000 | 0 | 100000 |
| പനയം | 24 | 23 | 480000 | 460000 | 0 | 20000 |
| തൃക്കടവൂർ | 32 | 10 | 640000 | 200000 | 0 | 0 |
| തൃക്കരുവ | 33 | 33 | 660000 | 660000 | 40000 | 20000 |
| ആകെ | 203 | 191 | 4060000 | 3820000 | 40000 | 260000 |

കരാറിലേർപ്പെട്ട് വീട് പണി ആരംഭിച്ച എല്ലാ ഗുണഭോക്താക്കളെയും കൊണ്ട് പണി പൂർത്തീകരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-12** കുണ്ടറ താലൂക്ക് ആശുപത്രിയിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല- ഭരണ വകുപ്പിന്റെ നടപടികൾ അനിവാര്യം

പ്രൊജക്ട് നം.36/16
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ,കുണ്ടറ താലൂക്ക് ആശുപത്രി
പദ്ധതി അടങ്കൽ : 9,00,000/-രൂപ (മെ.ഫണ്ട്- റോഡ് ഇതരം)
ബിൽ നം.9/15-31.03.16 – 8,97,788/-രൂപ
കെ.എം.എസ്.സി.എൽ രസീത് നം.29478/23.04.16

കുണ്ടറ താലൂക്ക് ആശുപത്രിയ്ക്കായി K.M.S.C.L-ൽ നിന്നും താഴെ രേഖപ്പെടുത്തിയ

ഉപകരണങ്ങളാണ് വാങ്ങിയത്.

1.Anasthesia Machine (1) -6,92,076/-രൂപ

2. Multiparameter Monitor(2) -1,96,050/-രൂപ

3.Laryngoscope Adult &
Paediatric (1) - 5,730/-രൂപ

4. Laryngoscope Neonatal ( 2) - 3,932/-രൂപ

മേൽ ഉപകരണങ്ങളിൽ Anasthesia Machine , Multiparameter Monitor (ഒരെണ്ണം )എന്നിവ ഇതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.ഇത് കൂടാതെ ക്രമ നമ്പർ നാലിലെ Laryngoscope Neonatal ,ഒരെണ്ണം K.M.S.C.L ഇതുവരെ ലഭ്യമാക്കിയിട്ടില്ല.









മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/20.02.17) രേഖാമൂലം മറുപടി ലഭിച്ചില്ല. ലേബർ റൂം നിർമ്മാണം പൂർത്തിയാകാത്തതിനാലും ആ വിഭാഗത്തിലെ ഡോക്ടർ ,സ്റ്റാഫ് എന്നിവരുടെ കുറവ് നിമിത്തവും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ സാഹചര്യമില്ലായെന്ന് മെഡിക്കൽ ഓഫീസർ ബോധിപ്പിച്ചു. ലക്ഷങ്ങൾ വിലയുള്ള ഉപകരണങ്ങൾ ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് സാധിക്കാത്തത് രോഗികളുടേ ക്ഷേമത്തിന് ഹിതകരമല്ല.വിഷയം ഭരണ വകുപ്പിന്റെ സത്വര നടപടികൾക്കായി ശ്രദ്ധയിൽ പെടുത്തുന്നു.ഇനിയും ലഭിക്കുവാനുള്ള ഉപകരണം K.M.S.C.L -ൽ നിന്നും ലഭ്യമാക്കുന്നതിന് ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### **3-13** <u>മരാമത്ത് പ്രവൃത്തികൾ കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കിയില്ല-പിഴ ഈടാക്കാത്തതിനാൽ **13,400/-** രൂപ നഷ്ടം</u>

1.ചെറുകാട് തോപ്പിൽ മുക്ക് –ഓടയും കവറിംഗ് സ്ലാബ് നിർമ്മാണവും- 5,400/-രൂപ നഷ്ടം

പ്രോജക്ട് നം. 56/15-16

അടങ്കൽ തുക- 5,40,000/-രൂപ ( വികസന ഫണ്ട്)

കരാറുകാരൻ - ശ്രീ.ജി.എസ് .ദിലീപ് കുമാർ

ഡി.ഡി.നം.295604(എസ്.ബി.ടി) / 28.01.16

എം.ബുക്ക് നം.16/15-16

എഗ്രിമെന്റ് നം. 07/15-16/AEE/l.s.g.d/c.t.m.l/15-16 തീ. 17.07.15

മൂല്യനിർണ്ണയതുക – 5,39,972/-രൂപ

കോൺട്രാക്ടർക്ക് അനുവദിച്ചതുക (നികുതികൾ കഴിച്ച് )-4,63,566/-രൂപ

ടെണ്ടർ നിരക്കിൽ നിന്നും 8.67 % കുറവായി കരാർ ലഭിച്ച കരാറുകാരന്, പ്രവർത്തി നിർവ്വഹിക്കുന്നതിന് മൂന്ന് മാസമാണ് അനുവദിച്ചത്.സൈറ്റ് ഹാന്റോവർ റിപ്പോർട്ട് പ്രകാരം 17.07.15- ന് പ്രവൃത്തി സ്ഥലം കൈപ്പറ്റിയതിനാൽ, പൂർത്തീകരണ കാലയളവ് അവസാനിക്കുന്നത് 16.10.2015 ആണ്.രേഖകൾ പ്രകാരം 22.12.2015- നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112(1 )ൽ പ്രകാരം, കരാറുകാരന്റെ പിഴവ് നിമിത്തം കരാർ കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം ആദ്യ തവണ P.A.C.യുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ് .അതിനാൽ PAC (5,40,000/-) യുടെ 1 % ഫൈൻ തുക ആയ 5,400/-രൂപ ഈടാക്കി മാത്രമെ കരാറുകാരന് അന്തിമ തുക അനുവദിക്കുവാൻ പാടുള്ളൂ.

2. രാശാൻ കുന്ന് ഓട നിർമ്മാണം – 8,000/-രൂപ നഷ്ടം

പ്രൊജക്ട് നം. 47/15-16

അടങ്കൽ തുക- 8,00,000/-രൂപ ( വികസന ഫണ്ട്)

കരാറുകാരൻ - ശ്രീ.ജി.കെ.സോളമൻ

ഡി.ഡി.നം.296567(എസ്.ബി.ടി) / 01.03.16 എം.ബുക്ക് നം.22/15-16

എഗ്രിമെന്റ് നം. 13/15-16/AEE/l.s.g.d/c.t.m.l/15-16 തീ. 19.08.15

മൂല്യനിർണ്ണയതുക – 7,99,295/-രൂപ

കോൺട്രാക്ടർക്ക് അനുവദിച്ചതുക (നികുതികൾ കഴിച്ച് )-7,43,073/-രൂപ

ടെണ്ടർ നിരക്കിൽ നിന്നും 1.10 % കുറവായി കരാർ ലഭിച്ച കരാറുകാരന്, പ്രവർത്തി നിർവ്വഹിക്കുന്നതിന് മൂന്ന് മാസമാണ് അനുവദിച്ചത്.സൈറ്റ് ഹാന്റോവർ റിപ്പോർട്ട് പ്രകാരം 19.08.15- ന് പ്രവൃത്തി സ്ഥലം കൈപ്പറ്റിയതിനാൽ, പൂർത്തീകരണ കാലയളവ് അവസാനിക്കുന്നത് 18.11.2015 ആണ്.രേഖകൾ പ്രകാരം 13.01.2016- നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112(1 )ൽ പ്രകാരം, കരാറുകാരന്റെ പിഴവ് നിമിത്തം കരാർ കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം ആദ്യ തവണ P.A.C.യുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ് .അതിനാൽ PAC (8,00,000/-) യുടെ 1 % ഫൈൻ തുക ആയ 8,000/-രൂപ ഈടാക്കി മാത്രമെ കരാറുകാരന് അന്തിമ തുക അനുവദിക്കുവാൻ പാടുള്ളൂ.

മേൽ രണ്ട് പ്രവൃത്തികളിലായി ആകെ ഫൈൻ തുകയായ 13,400/-(5400+ 8000 രൂപ) ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ അസി.എക്സി.എൻജിനീയറിൽ നിന്നോ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-14 എസ്റ്റിമേറ്റ് ആന്റ് സൂപ്പർവിഷൻ ചാർജ് തെറ്റായി കരാറുകാരന് അനുവദിച്ചു- 539/-രൂപ നിരാകരിക്കുന്നു

---

പ്രൊജക്ട് -ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന് വൈദ്യുതീകരണം

പ്രൊജക്ട് നം. 56/15-16

അടങ്കൽ തുക- 1,50,000/-രൂപ (മെ.ഫണ്ട് -റോഡിതരം )
കരാറുകാരൻ - ശ്രീ.രാജേഷ് കുമാർ ,വെള്ളിമൺ
ബിൽ നം.38/15-16 തി.20.03.16
എം.ബുക്ക് നം.35/15-16
എഗ്രിമെന്റ് നം. 20/15-16/AEE/l.s.g.d/c.t.m.l/15-16 തീ. 16.02.16
മൂല്യനിർണ്ണയതുക – 1,40,129/-രൂപ
കോൺട്രാക്ടർക്ക് അനുവദിച്ചതുക -1,32,519/-രൂപ

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ,സൂപ്പർവിഷൻ എന്നിവ പാനൽ എൻജിനീയറായ ശ്രീ.സി.എം.ഷംസുദ്ദീൻ(റിട്ട.കെ.എസ്.ഇ.ബി., എൻജിനീയർ) നിർവ്വഹിച്ചു. അനുവദനീയ എസ്റ്റിമേറ്റ് പ്രിപറേഷൻ ചാർജ് (3%) , സൂപ്പർവിഷൻ ചാർജ് (1%) ഇനത്തിൽ 5,765/- രൂപ (എസ്റ്റിമേറ്റ് തുക- 1,44,135/-രൂപ) ടിയാന് നേരിട്ട് നൽകുന്നതിനുപകരം കോൺട്രാക്ടർക്ക് നൽകിയ തുകയിൽ , 5,604/-രൂപ കൂടി ഉൾപ്പെടുത്തി നൽകി.

13.12.16-ന് കോൺട്രാക്ടർ ചെക്ക് നം.325535/28.10.16 മുഖേന 5,065/-രൂപ ശ്രീ.സി.എം.ഷംസുദ്ദീൻ പേർക്ക് നൽകി എന്ന് രേഖകളിൽ കാണുന്നു. ആയതിനാൽ 539/-രൂപ (5,604-5,065/-രൂപ)കോൺട്രാക്ടർ അധികം കൈപ്പറ്റിയിട്ടുണ്ട്. ഇത്തരത്തിൽ തെറ്റായ തുക വകയിരുത്തുകയും ആയത് കോൺട്രാക്ടർക്ക് അനുവദിച്ചതും സോഫ്റ്റ്വെയർ എൻട്രിയിൽ വന്ന അപാകതയാണെന്ന് ബന്ധപ്പെട്ടവർ വിശദീകരിച്ചു.

കോൺട്രാക്ടർ അധികം കൈപ്പറ്റിയ 539/-രൂപ ഈടാക്കി, രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 17658408 | ഐ.എ.വൈ ഭവനം | 7484209 | 10174199 |
| ഗ്രാമപഞ്ചായത്ത് | 2015-16 | 8640000 | ഐ.എ.വൈ ഭവനം | 5678023 | 2961977 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുരീപ്പുഴ ഗവ.യു.പി.എസ്സിന് കുടിവെള്ള സംവിധാനം | ഡി.ഡി.നം. 682513 27-03-15 | 677274 | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 3660909/-രൂപയടക്കം 3660909/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ. വൈ. ജനറൽ | സ.ഉ.(എം.എസ്)നം. 90/13 തസ്വഭവ തീയതി. 14-03-13 | 1390136 | 1390136 | 1390136 | 633765 | ഇല്ല |
| ഐ.എ. വൈ. എസ്.സി .പി | | 1282638 | 1282638 | 1282638 | 354370 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 987500 |
| തൻവർഷം നിക്ഷേപിച്ച തുക | 191000 |
| ആകെ | 1178500 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 455000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 723500 |

*(ഗൗരവ സ്വഭാവമുള്ള നിരീക്ഷണങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തുക.1996-ലെ കേരള പഞ്ചായത്ത് രാജ് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും ചട്ടങ്ങളുടെ ലംഘനം ഉണ്ടോയെന്ന് പരിശോധിക്കണം)*

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ളക്സ് മുറി അഡ്വാൻസ് തുക | 723500 |
| ആകെ | 723500 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135116278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120320278 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13939 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2637999 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13 | | 13400 | ശ്രീമതി.ജീന ജി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 12908 | ഡോ.സീമാ ശിവാനന്ദ്,മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി. തൃക്കടവൂർ |
| 3-4 | 677274 | ശ്രീ.എം.അബ്ദുൾ ഖാദർ,സെക്രട്ടറി |
| 3-5 | 1085367 | ശ്രീ.രാജീവ്.വി.ആർ,സെക്രട്ടറി |
| 3-7 | 295450 | ശ്രീ.രാജീവ്.വി.ആർ,സെക്രട്ടറി |
| 3-8 | 117000 | ശ്രീ.രാജീവ്.വി.ആർ,സെക്രട്ടറി |
| 3-10 | 450000 | ശ്രീ.അരവിന്ദാക്ഷൻ ചെട്ടിയാർ,പട്ടികജാതി വികസനഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീമതി.ജീന ജി.<br>അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ | | കൈലാസ്,<br>ടോൾ ജംഗ്ഷൻ,<br>അവനവൻചേരി,<br>എളംബ,<br>ആറ്റിങ്ങൽ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1 | 1997-1998 | LFQ DB.1344(11)/14/23.06.14 |
| 2 | 1998-1999 | LFQ DB.1344(3)/14/23.6.14 |
| 3 | 1999-2000 | LFQ DB.1344(4)/14/23.6.14 |
| 4 | 2000-2001 | LFQ DB.1344(5)/14/23.6.14 |
| 5 | 2001-2002 | LFQ DB.1344(6)/14/23.6.14 |
| 6 | 2002-2003<br>2003-2004 | LFQ DB.1344(7)/14/23.6.14 |
| 7 | 2004-2005<br>2005-2006 | LFQ DB.1344(8)/14/23.6.14 |
| 8 | 2006-2007 | LFQ DB.1344(9)/14/23.6.14 |
| 9 | 2007-2008 | LFQ DB.1344(10)/14/23.6.14 |
| 10 | 2008-2009 | LFQ DB.1344(11)/14/23.6.14 |
| 11 | 2009-2010 | LFQ DB.1344(12)/14/23.6.14 |
| 12 | 2010-2011 | LFQ DB.1344(13)/14/23.6.14 |
| 13 | 2011-2012 | LFQ DB.840(13)/26.08.13 |
| 14 | 2012-2013<br>2013-2014 | LFQ DB.2630/14/30.06.15 |

| | | |
|---|---|---|
| 15 | 2014-2015 | KSA-KLM.DB.47/2017/01.02.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 4-10

സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-ഡി.ബി 528/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 23/03/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.